പ്രസ്സ് റിലീസ് 10.05.2013

# അനന്തന്റെ പഠനച്ചെലവുകൾ നിറവേറ്റാൻ നടപടി സ്വീകരിക്കും: മന്ത്രി വി.എസ്. ശിവകുമാർ

വാഹനാപകടത്തിൽ, ഏകാശ്രയമായിരുന്ന അമ്മയെ നഷ്ടപ്പെട്ട, പട്ടം കേന്ദ്രീയ വിദ്യാലയത്തിലെ ഒമ്പതാംക്ലാസ്സ് വിദ്യാർഥി എം.ആർ. അനന്തന്റെ ഇനിമുതൽക്കുള്ള പഠനച്ചെലവുകൾ നിറവേറ്റാൻ നടപടി സ്വീകരിക്കുമെന്ന് സ്ഥലം എം.എൽ.എ കൂടിയായ മന്ത്രി വി.എസ്. ശിവകുമാർ അറിയിച്ചു. അനന്തന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. അനന്തൻ താമസിക്കുന്ന വഴുതക്കാട് ഫോറസ്റ്റ് ലെയിൻ റോഡിലുള്ള 'സരോജാലയം' വീട്ടിലെത്തി അനന്തനെയും ബന്ധുക്കളെയും ആശ്വസിപ്പിച്ചശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. അമ്മ; എസ്. രാധിക (46), ഈ മാസം 5 ന് ശംഖുമുഖത്തുണ്ടായ വാഹനാപകത്തിലാണ് മരിച്ചത്. രാധികയുടെ ഹൃദയവാൽവ് ശ്രീചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഫീസ് അസിസ്റ്റന്റ് ആയിരുന്നു രാധിക. അനന്തന്റെ അച്ഛൻ; മോഹനൻ നായർ എഴു വർഷംമുമ്പ് ഹൃദയാഘാതംമൂലം മരണപ്പെട്ടിരുന്നു.



മന്ത്രി വി.എസ്. ശിവകുമാർ എം.ആർ. അനന്തനെ ആശ്വസിപ്പിക്കുന്നു. കൗൺസിലർ കെ.സുരേഷ് കുമാർ സമീപം



Press Secretary to Health Minister